# മുന്നൊരുക്കം-2010

**മാവൂർ ഗ്രാമപഞ്ചായത്തിന്റെയും**
**കോഴിക്കോട് ഡയറ്റിന്റെയും**
**സംയുക്ത വിദ്യാഭ്യാസ പരിപോഷണ പരിപാടി**

**വിദ്യാർത്ഥികൾക്കായുള്ള**
**പ്രവർത്തന പാക്കേജ്**

# ആമുഖം

മാവൂർ ഗ്രാമപഞ്ചായത്തിലെ നാലാം ക്ലാസിൽ പഠിക്കുന്ന എല്ലാ കുട്ടികളുടെയും പഠനനേട്ടം ലക്ഷ്യം വെച്ചുകൊണ്ട് മാവൂർ ഗ്രാമപഞ്ചായത്തും കോഴിക്കോട് ഡയറ്റും സംയുക്തമായി നടത്തുന്ന പരിപാടിയാണ് മുന്നാക്കം. പ്രക്രിയാബന്ധിതമായ പഠനം ഉറപ്പാക്കുന്നതിനുള്ള ശ്രമങ്ങളാണ് ഇതുവരെ നടന്നത്. ഇതിന്റെ ഭാഗമായി എൽ.എസ്.എസ് പരീക്ഷക്ക് തയ്യാറാകുന്ന കുട്ടികൾക്കായി 2 ദിവസത്തെ ഒരു പഠനക്യാമ്പ് നടത്തുന്നു.

എൽ.എസ്.എസ് പരീക്ഷയുടെ ചോദ്യമാതൃക നടത്തിപ്പ് എന്നിവയിൽ ഈ വർഷം മാറ്റം വന്നിരിക്കുകയാണല്ലോ. ഇവ പരിചയപ്പെടുന്നതിനും കുട്ടികളെ സഹായിക്കുന്നതിനും ഉദ്ദേശിച്ചുള്ളതാണ് ഈ വർക്ക് ബുക്ക്. ഇത് ഓരോ കുട്ടിയും വ്യക്തിഗതമായി ചെയ്യുകയും ടീച്ചർ അതുവിലയിരുത്തി ആവശ്യമായ സഹായവും പ്രോത്സാഹനവും നൽകുകയും വേണം കുട്ടിയ്ക്ക് ക്യാമ്പിൽ വെച്ചും സ്കൂളിൽ വെച്ചും ഈ പ്രവർത്തനങ്ങൾ ചെയ്യുന്നതിന് അവസരമുണ്ട്. ഫലപ്രദമായ പഠനത്തിന് ഈ പാക്കേജ് പ്രയോജനപ്പെടുത്താൻ രക്ഷിതാക്കളും അധ്യാപകരും പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

എല്ലാ കുട്ടികൾക്കും മികച്ച വിജയം ആശംസിക്കുന്നു.

**ജോർജ് ജോസഫ്**
പ്രിൻസിപ്പൽ
ഡയറ്റ് കോഴിക്കോട്

**മങ്ങാട്ട് അബ്ദുൾറസാക്ക്**
ചെയർമാൻ,
വിദ്യാഭ്യാസ സ്റ്റാന്റിങ് കമ്മിറ്റി
മാവൂർ ഗ്രാമപഞ്ചായത്ത്

**സി.സുരേഷ്**
പ്രസിഡന്റ്,
മാവൂർ ഗ്രാമപഞ്ചായത്ത്

# മുന്നാക്കം പ്രവർത്തന പാക്കേജ്

## 1. മലയാളം (മൾട്ടിപ്പിൾ ചോയ്സ്)

1. താഴെ കൊടുത്ത കവിതാശകലങ്ങൾ വായിക്കൂ. അവയിലൊന്ന് വ്യത്യസ്ത ആശയം പ്രതിപാദിക്കുന്നതാണ്. അത് കണ്ടെത്തുക.

A. "പോയി പകൽ മയങ്ങാൻ -തളർന്നതാ
പോയി രവിയുറങ്ങാൻ,
വൃക്ഷമുറക്കമായ്, പക്ഷിമയക്കമായ്
ഇക്ഷണം നീയുറങ്ങൂ." (ജി).

B. "കണ്ണിണ പൂട്ടിയുറങ്ങൂനീയെൻ
പുണ്യത്തിൽ പൊന്നും കുരുന്നേ
എങ്കിലെന്നോമനയ്ക്കെത്താമിപ്പോൾ
പുണ്യത്തിൻ പൂങ്കാവനത്തിൽ"(വെണ്ണിക്കുളം)

C. "കാച്ചിയമോരൊഴിച്ചൊപ്പിയെടുത്തിട്ട്
കാക്കേ പൂച്ചേ പാട്ടുകൾ പാടീട്ട്
മാനത്തമ്പിളിമാമനെക്കാട്ടീട്ട്
മാമുകൊടുക്കുന്നൂ നങ്ങേലി"(ഇടശ്ശേരി)

D. "എൻ കുഞ്ഞുറങ്ങിക്കൊൾകെൻകുഞ്ഞുറങ്ങിക്കൊൾ-
കെൻകുഞ്ഞുറങ്ങിക്കൊൾകെന്റെ തങ്കം
നാളെ പുലർകാലത്തുന്മേഷമിന്നത്തേ-
ക്കാളുമിണങ്ങിയുണർന്നെണീക്കാൻ"(വള്ളത്തോൾ)

2. "സ്വച്ഛനീരൊലിപ്പാം വെള്ളി
ക്കസവുകൾ തുന്നിച്ചേർത്തു
പച്ചക്കുപ്പായവും മേഘത്തലപ്പുമായ്"

* * * *

"പ്രഭാതകാലത്താനീല-
മതിൽകെട്ടിൻമീതെവാനിൽ
പ്രഭാകരൻ ചെമ്പട്ടിനെ വിരിപ്പതെങ്ങോ"?

മുകളിൽ കൊടുത്ത കവിതാഭാഗത്തിന്റെ വർണ്ണനാംശം വിശദമായി നൽകിയിരിക്കുന്നത് താഴെ പറയുന്നവയിൽ ഏതെന്ന് കണ്ടെത്തുക.

A. - സൂര്യോദയം, പുഴ, ആകാശം

B. - പ്രഭാതസമയത്തെ ആകാശം, പുഴയോടുചേർന്ന് കിടക്കുന്ന നെൽവയലുകൾ, വെള്ളിമേഘങ്ങളാൽ തീർത്ത തലപ്പാവ്

C. - ഉദയസൂര്യന്റെ കിരണങ്ങൾ, പച്ചവിരിച്ച നെൽവയലുകൾ,മേഘകൂട്ടം

D. - ഒഴുകുന്ന പുഴ,തെളിഞ്ഞ ആകാശം, ഉദയസൂര്യൻ

3. താഴെ കാണിച്ച കലാരൂപങ്ങളുടെ ശരിയായ ക്രമമേത്?






A. കഥകളി- തെയ്യം -ഓട്ടൻതുള്ളൽ-മാർഗംകളി

B. ഓട്ടൻതുള്ളൽ-മാർഗംകളി-കഥകളി-തെയ്യം

C. തെയ്യം-കഥകളി-ഓട്ടൻതുള്ളൽ- മാർഗംകളി

D. തെയ്യം- കഥകളി-മാർഗംകളി- ഓട്ടൻതുള്ളൽ

4. താഴെ കൊടുത്ത വരികളിൽ ജലസമൃദ്ധിയോടെ ഒഴുകുന്ന പുഴയെ കുറിച്ചുള്ള വരികൾ ഏത്?

A. ഒലി നിന്ന പുഴകളിൽ കുഴികളിൽ വെള്ളം ഓഴക്ക് വെള്ളം ഒലിക്കാത്ത വെള്ളം കുഴിവെള്ളംകൂടി കുടിച്ച് തീരുമ്പോൾ കുന്തിപ്പുഴേ നീ മരിച്ചിരിക്കുന്നു.

B. പുഴവറ്റി കടവത്തെ തോണിവറ്റി
മണൽപ്പായിലുറങ്ങാൻ കിടന്നൊരു നിലാവും വറ്റി

C. വെള്ളം മാറി, മണലുതെളിഞ്ഞതിനാൽ
ഒളിച്ചുവെച്ചതെല്ലാം നേരിട്ടുതന്നു എന്നോ പുഴയെ തിരിച്ചിട്ടു എന്നോ പറയാം.

D. ആയിരം പാദസരങ്ങൾ കിലുങ്ങി
ആലുവാപ്പുഴ പിന്നെയുമൊഴുകീ.
ആരും കാണാതെയോളവും തീരവും
ആലിംഗനങ്ങളിൽ മുഴുകീ.

5. ഏതെങ്കിലും ഒരു പ്രത്യേകകാര്യം പറഞ്ഞുകൊണ്ട് പൊതുവായ ഒരാശയത്തെ സൂചിപ്പിക്കുന്ന ഭാഷാ പ്രയോഗമാണ് പഴഞ്ചൊല്ല്.

"മിന്നുന്നതെല്ലാം പൊന്നല്ല" എന്ന പഴഞ്ചൊല്ലിൽ സൂചിപ്പിക്കുന്ന അനുയോജ്യമായ പൊതു ആശയം എന്താണ്?

A. തിളങ്ങുന്ന വസ്തുക്കളെല്ലാം സ്വർണ്ണമല്ല.

B. പുറമേക്ക് ആകർഷണീയമായി അല്ലെങ്കിൽ നല്ലതായി തോന്നുന്ന വസ്തുക്കളോ, വ്യക്തികളോ യഥാർത്ഥത്തിൽ അങ്ങനെ ആകണമെന്നില്ല.

C. മിന്നുന്നതൊന്നും പൊന്നല്ല.

D. മിന്നുന്ന എല്ലാ വസ്തുക്കളും പൊന്നാകണമെന്നില്ല.

6. വളരെക്കാലത്തെ പ്രയോഗംകൊണ്ട് പ്രത്യേകമായ ചില അർത്ഥം സ്ഥിരപ്പെട്ടുകാണുന്ന പദമോപദക്കൂട്ടമോ ആണ് ശൈലി. പദങ്ങളെ ഒറ്റയ്ക്കെടുത്താലുള്ള അർഥമല്ല പദക്കൂട്ടത്തിനുണ്ടാവുക. എങ്കിൽ -

അർധരാത്രിക്കു കുട പിടിക്കുക എന്ന ശൈലിക്കു യോജിക്കുന്നത് താഴെ പറയുന്ന ഏത് പരാമർശമാണ്.

A. അനാവശ്യമായ ആഡംബരം

B. അർധരാത്രി കുട പിടിച്ച് നടക്കുക

C. രാത്രിയോ, പകലോ എന്ന് പരിഗണിക്കാതെ കുട പിടിക്കുക.

D. ആവശ്യമില്ലാതെ കഠിനമായി ജോലിചെയ്യുക.

7. "- സ്ക്കൂൾ കലോത്സവവേദികളിൽ അവതരിപ്പിക്കാറുണ്ട്

- പൊക്കമുള്ള ഒരു നില വിളക്ക് കത്തിച്ചുവെയ്ക്കും.

- സ്ത്രീകൾ മാത്രമാണ് അവതരിപ്പിക്കുക

- രംഗവിതാനമോ തിരശ്ശീലയോ ആവശ്യമില്ല"-

ഈ സൂചനകൾ ഏത് കലാരൂപവുമായി ബന്ധപ്പെട്ടതാണ്?

A. ഒപ്പന

B. തിരുവാതിരക്കളി

C. ഓട്ടൻതുള്ളൽ

D. കഥകളി

8. "നായർ വിശന്നുവലഞ്ഞുവരുമ്പോൾ

കായക്കഞ്ഞിക്കരിയിട്ടില്ല

ആയതുകേട്ടുകലമ്പിച്ചെന്നവ

നായുധമുടനെ കാട്ടിലെറിഞ്ഞു"-

ഈ വരികൾ ഏത് കലാരൂപവുമായി ബന്ധപ്പെട്ടതാണ്?

A. മാർഗംകളി

B. ഒപ്പന

C. തുള്ളൽ

D. കഥകളി

9. 'ബസ് ചുരം കയറിത്തുടങ്ങി. ഇരുഭാഗത്തും ഇടതൂർന്ന് വളരുന്ന കാപ്പിച്ചെടികളും യൂക്കാലിപ്റ്റ്സ് മരങ്ങളും. ഇവയ്ക്കിടയിലൂടെ സ്ഫടികജലം ഒരുമിച്ച് താഴുന്ന നീർച്ചാലുകൾ. താഴെ മലമടക്കുകളുടെ വിള്ളലുകളിലൂടെ കാണുന്ന ഹരിതാഭമായ നെൽപാടങ്ങൾ. പാടങ്ങൾക്കിടയിൽ പാവങ്ങൾ പാർക്കുന്ന കൂരകൾ. വിദൂരവീക്ഷണത്തിൽ കൂരിയാറ്റക്കൂടുകൾ പോലെ... അല്ലെങ്കിൽ ചിതൽപ്പുറ്റുപോലെ.'

ഈ ഖണ്ഡികയുമായി ബന്ധപ്പെട്ട് താഴെ കൊടുക്കുന്ന പ്രസ്താവനകളിൽ പൂർണമായും ശരിയായത് ഏത്?

A. ഇതൊരു ജീവചരിത്രക്കുറിപ്പിൽ നിന്നെടുത്തതാണ്.
ഒരു താഴ്വരയിൽ നിന്നുള്ള കാഴ്ചയാണ് ഇവിടെ വർണിക്കുന്നത്.

B. ഇതൊരു യാത്രാവിവരണത്തിൽ നിന്നെടുത്തതാണ്.

ഒരു കുന്നിൻമുകളിൽ നിന്നുള്ള കാഴ്ചകളാണ് ഇവിടെ വർണിക്കുന്നത്.

C. ഇതൊരു നാടകത്തിൽ നിന്നെടുത്ത ഭാഗമാണ്

ഒരു പുഴക്കരയിൽ നിന്നുള്ള കാഴ്ചയാണിവിടെ വർണിക്കുന്നത്.

D. ഇതൊരു പത്രവാർത്തയിൽ നിന്നെടുത്ത ഭാഗമാണ്

ഒരു വയൽക്കരയിൽ നിന്നുള്ള കാഴ്ചയാണിവിടെ വർണിക്കുന്നത്.

10. താഴെ കൊടുത്തവയിൽ ശരിയായ വാക്യം ഏത്?

A. ഞാൻ നിത്യവും പതിവായി പത്രം വായിക്കാറുണ്ട്.

B. അയാൾ എന്തിനാണ് സ്വയം ആത്മഹത്യ ചെയ്തതെന്ന് ആർക്കുമറിയില്ല.

C. എന്റെ അച്ഛനോ അല്ലെങ്കിൽ അമ്മയ്ക്കോ ഇഷ്ടമില്ലാത്തതൊന്നും ഞാൻ ചെയ്യാറില്ല.

D. മണ്ണിൽ ലയിച്ചു ചേരാത്ത വസ്തുവാണ് പ്ലാസ്റ്റിക്.

11. നിരവധി കവിതകൾ മലയാളത്തിനു സമ്മാനിച്ച ഇവർ അറിയപ്പെടുന്ന പരിസ്ഥിതി പ്രവർത്തക കൂടിയാണ്. ഇവരുടെ അച്ഛൻ പ്രശസ്തനായ കവിയായിരുന്നു. ഒട്ടേറെ അവാർഡുകൾ നേടിയിട്ടുള്ള ഇവർ സംസ്ഥാന വനിതാകമ്മീഷന്റെ അധ്യക്ഷയുമായിരുന്നു. അമ്പലമണി,തുലാവർഷപ്പച്ച,കുറിഞ്ഞിപ്പൂക്കൾ തുടങ്ങിയവയെല്ലാം ഇവരുടെ കൃതികളാണ്.

മുകളിൽ സൂചിപ്പിച്ച വ്യക്തി ആര്?

A. കമലാ സുരയ്യ

B. ബാലാമണിയമ്മ

C. സുഗതകുമാരി

D. കടത്തനാട്ട് മാധവിയമ്മ

12. കണ്ണീരുകൊണ്ട് അമ്മ തീ കെടുത്തി. പൂതം, നരിയായും പുലിയായും ചെന്നു. 'എന്റെ മകനെ തരിക' എന്ന് അമ്മ ഉറച്ചുനിന്നു. പൂതം അമ്മയ്ക്ക് അളവറ്റ പൊന്നും രത്നങ്ങളും നീട്ടികാട്ടി. അമ്മ അവ നോക്കാതെ തന്റെ കണ്ണ് ചൂഴ്ന്നെടുത്തു. ഇതിലും വലിയതാണെന്റെ പൊന്നോമന എന്നുപറഞ്ഞ് തൊഴുതു കേണു. തെച്ചിക്കാല് പറിച്ചെടുത്തു മന്ത്രം ജപിച്ചു പൂതം ഒരു മായക്കുഞ്ഞിനെ നിർമിച്ചുകൊടുത്തു. കണ്ണില്ലെങ്കിലും അമ്മ കുഞ്ഞിനെ തിരിച്ചറിഞ്ഞു. പെറ്റ വയറിനെ വഞ്ചിക്കുന്ന പൂതത്തെ ശപിക്കാൻ അമ്മ കൈയുയർത്തി.

കഥാസന്ദർഭം വായിച്ചല്ലോ അമ്മയുടെ ഏത് സ്വഭാവമാണ് ഈ ഭാഗത്ത് ശക്തമായി തെളിഞ്ഞു കാണുന്നത്?

A. അമ്മയ്ക്ക് പൂതത്തിനോട് കടുത്ത വിരോധമാണ്.

B. അമ്മയ്ക്ക് കുഞ്ഞിനോട് അതിയായ സ്നേഹമുണ്ട്.

C. അമ്മയ്ക്ക് കുഞ്ഞിനോട് സ്നേഹമോ വാത്സല്യമോ ഇല്ല.

D. അമ്മയ്ക്ക് പൂതത്തെ ഭയമാണ്.

# ഗണിതം (മൾട്ടിപ്പിൾ ചോയ്സ്)

താഴെ കൊടുത്ത ചോദ്യങ്ങൾക്ക് ബ്രാക്കറ്റിൽ കൊടുത്തതിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക

1. ഏതാണ് 76 ന് തുല്യമായ റോമൻ അക്കം ?
   (A. LXXVI, B. CXXVI, C. XXXXXXXVI, D. XXXXXXXIIIIII)
2. (5-1) x (5-2) x (5-3)... (5-6) ന്റെ ഗുണനഫലം
   (A. 24 B.120 C. 0 D. 12)
3. 121=4
   245=11
   624=12
   386= ?
   (A. 14 B. 15 C. 17 D. 20)
4. 2,4,12,48,—
   (A.96 B. 60 C. 240 D.192)
5. 8 സെ..മീ. നീളമുള്ള ഒരു ചതുരത്തിന്റെ അതേ ചുറ്റളവുള്ള ഒരു സമചതുരത്തിന് 7 സെ.മീ വശമുണ്ട്.ചതുരത്തിന്റെ വീതി എത്ര സെ.മീറ്റർ?
   (A. 6 B. 8 C. 14 D. 5)
6. 5 x 3 x 2 ഇതിലെ എല്ലാസംഖ്യകളും ഇരട്ടിയാക്കിയാൽ ഉത്തരം എത്ര മടങ്ങാകും?
   (A. 2 B. 4 C. 3 D. 8)
7. രണ്ട് സംഖ്യകളുടെ ഗുണനഫലം 12.അവയുടെ തുക 7. ആ സംഖ്യകളിൽ വലുത് ഏത്?
   (A. 4 B. 3 C. 5 D. 6)
8. 16 നെ 12 കൊണ്ട് ഗുണിക്കുന്നതിന് പകരം 21 കൊണ്ട് ഗുണിച്ചു. ഉത്തരത്തിന്റെ വ്യത്യാസം 16 ന്റെ എത്ര മടങ്ങാണ്?
   (A. 21 B. 12 C. 9 D. 4)
10. 10 ആളുകൾക്ക് ഒരു ജോലി ചെയ്യാൻ 8 ദിവസം വേണം. അതേ ജോലി ചെയ്യാൻ 20 ആളുകൾക്ക് എത്ര ദിവസം വേണം?
   (A. 16 B. 4 C. 18 D. 20)
11. 16 നെ 40 കൊണ്ട് ഗുണിച്ചഫലത്തിന്റെ ഇരട്ടിയാണ് മറ്റൊരു സംഖ്യയെ 40 കൊണ്ട് ഗുണിച്ചപ്പോൾ കിട്ടിയത്. ഏത് സംഖ്യയെയാണ് ഗുണിച്ചത്?
   (A. 32 B. 8 C. 20 D. 10)
12. 2011 ജനുവരി 30 മുതൽ 2011 മാർച്ച് 18 വരെ (2 ദിവസവും ചേർത്ത്) എത്ര ദിവസം ഉണ്ട്?
   (A. 47 B. 45 C. 50 D. 48)
13. 141 രൂപ 3 പേർ വീതിച്ചെടുത്തു. ഒരാൾക്ക് മറ്റു 2 പേരേക്കാൾ 6 രൂപ കൂടുതൽ കിട്ടി. എന്നാൽ അയാൾക്ക് കിട്ടിയത്.
   (A. 51 രൂപ B. 53രൂപ C. 47 രൂപ D. 135രൂപ)

14. CDE=345. എന്നാൽ ABC=?
(A. 456 B. 321 C. 435 D. 123)

15. 3,7,15,31 ——. വിട്ട ഭാഗത്തെ സംഖ്യ ഏത്?
(A. 47, B. 53, C. 63, D. 67)

16. 2011 വർഷത്തെ ക്രിസ്തുമസ് ഡിസംബർ 25 ഞായറാഴ്ചയാണ്. എങ്കിൽ 2012ലെ റിപ്പബ്ലിക് ദിനം ഏത് ദിവസമായിരിക്കും?
(A. ഞായർ B. ചൊവ്വ C. വ്യാഴം D. ശനി)

17. 2, 9, 6, 5 ഈ അക്കങ്ങൾ ഉപയോഗിച്ച് ഉണ്ടാക്കാവുന്ന ഏറ്റവും വലിയ സംഖ്യയും ഏറ്റവും ചെറിയ സംഖ്യയും തമ്മിലുള്ള വ്യത്യാസം എത്രയായിരിക്കും?
(A. 8307 B. 7083 C. 6993 D. 2793)

18. ഒരു പൂന്തോട്ടത്തിലെ ജലധാരക്ക് ചുറ്റും സമചതുരാകൃതിയിൽ ടൈൽ പാകുന്നതിന് ഒരടി വശമുള്ള 20 സമചതുര ടൈലുകൾ വേണ്ടിവന്നു. എങ്കിൽ ജലധാര ഉൾപ്പെടുന്ന അകത്തെ സമചതുരത്തിന്റെ ചുറ്റളവ് എത്ര?
(A.20 B.18 C.16 D. 14)

19. 241=8
352=30
463=72 ആയാൽ 574= എത്ര?
(A144 B. 140 C. 130 D. 110)

20. സ്കൂൾ പഠനയാത്രയ്ക്ക് വാഹനത്തിന് 7960 രൂപയും ചായക്ക് 1250 രൂപയും പ്രവേശന ടിക്കറ്റിന് 875 രൂപയും ചെലവായി. 3സ്ഥലങ്ങളിലും ഏറ്റവും ചുരുങ്ങിയ എണ്ണം നോട്ടുകൾ ഉപയോഗിച്ചാണ് തുക കൃത്യമായി നൽകിയത്. അതിൽ എത്ര 100 രൂപ നോട്ടുകൾ ഉൾപ്പെട്ടിരിക്കുന്നു.
(A. 9 B. 14 C. 19 D. 99)

21. 121=4
232=7
343=10
- - - -
- - - -
- - - -
898=
(A. 22 B. 25 C. 18 D. 20)

22. ഒരു സംഖ്യയെ 5 കൊണ്ട് ഗുണിക്കുന്നതിനുപകരം5 കൊണ്ട് ഹരിച്ചു. ഉത്തരം 50 ആണ് കിട്ടിയതെങ്കിൽ ശരിയായ ഉത്തരം കണ്ടെത്തൂ. (A250 B1250 C100 D10)

23. 16 cm നീളമുള്ള ഒരു കമ്പികൊണ്ട് നിർമിക്കാവുന്ന സമചതുരത്തിന്റെ ഒരു വശത്തിന്റെ നീളം എത്രയായിരിക്കും?
(A.16 cm B. 8 cm C. 4 cm D. 12cm)

24. താഴെകൊടുത്ത പ്രകാരമാണ് രാജു ജോലിക്കാർക്ക് കൂലികൊടുത്തത്.
ആശാരിക്കും പെയിന്റർക്കും കൂടി-750രൂപ
ആശാരിക്കും ഡ്രൈവർക്കും കൂടി- 850 രൂപ

ഡ്രൈവർക്കും പെയിന്റർക്കും കൂടി– 650 രൂപ

എങ്കിൽ ആശാരിയുടെ കൂലിയെത്ര?

(A. 375 B. 425 C. 475 D. 325)

25. ചിത്രത്തിൽ ഷെയ്ഡ് ചെയ്തിരിക്കുന്ന രൂപം സമചതുരത്തിന്റെ എത്ര ഭാഗമാണ്?



(A. 1/4 B. 1/3

C. 3/4 D. 3/16)

26. താഴെ കൊടുത്ത ഓരോ ചിത്രത്തിലും സമചതുരങ്ങളുടെ എണ്ണങ്ങൾ 1, 5, 14 എന്നിങ്ങനെയാണ്.



(1) (2) (3)



എങ്കിൽ ഇതിൽ എത്ര സമചതുരങ്ങളുണ്ട്?

(A. 36 B. 25

C. 16 D. 30)

27. ചതുരാകൃതിയിലുള്ള ജനൽ നിർമ്മിക്കാൻ താഴെ കൊടുത്തവയിൽ ഏതളവുകളാണ് അനുയോജ്യം?

A. 42 cm, 140cm, 42cm, 140cm B. 130 cm, 140 cm, 150 cm, 160 cm

C. 64 cm, 30 cm, 64cm, 75cm D. 35 cm, 46 cm, 37 cm, 140 cm

28. ചിത്രത്തിൽ കാണുന്ന രീതിയിൽ ചതുരാകൃതിയിലുള്ള ഒരു പൂന്തോട്ടത്തിന് ചുറ്റും ഒരു മീറ്റർ അകലത്തിൽ ചെടികൾ നടുകയാണെങ്കിൽ എത്ര ചെടികൾ ആവശ്യമായി വരും?




(A. 48 B. 46

C. 50 D. 52)

29. 23.30ന് കോഴിക്കോട് റയിൽവേ സ്റ്റേഷനിൽ നിന്ന് പുറപ്പെടുന്ന ട്രെയിനിൽ കയറാൻ രഘുവിന് 2½ മണിക്കൂർ മുൻപേ പുറപ്പെടണം. എങ്കിൽ രഘുവിന് പുറപ്പെടേണ്ട സമയം ഏതാണ്?

(A. 9 am. B. 11 am. C. 9 pm. D. 11 pm.)

30. അനു കുറെ നെല്ലിക്ക അവന്റെ കൂട്ടുകാർക്ക് തുല്യമായി വീതിച്ചുകൊടുത്തു. ഓരോരുത്തർക്കും 7 നെല്ലിക്ക വീതമാണ് കിട്ടിയത്. അനുവിന്റെ കൂട്ടുകാരൻ രാജുകൂടി അന്ന് വന്നിരുന്നെങ്കിൽ എല്ലാവർക്കും ഒരു നെല്ലിക്ക കുറയുമായിരുന്നു. എങ്കിൽ അനു എത്ര നെല്ലിക്കയാണ് കൊണ്ടുവന്നത്?

(A. 13 B. 56 C. 42 D. 49)

31. മൂന്ന് വ്യത്യസ്ത സംഖ്യകൾ പരസ്പരം കൂട്ടിയാലും ഗുണിച്ചാലും ഒരേ ഉത്തരം കിട്ടും. സംഖ്യകൾ ഏവ?

(A. 2, 2, 2 B. 2, 3, 4 C. 0, 1, 2 D. 1, 2, 3)

32. കൂട്ടുകാരനായ മണി,അരുൺ,ഷാജി എന്നിവർ 280 രൂപ വീതിച്ചെടുത്തത് ഇങ്ങിനെയാണ് അരുണിന് കിട്ടിയതിന്റെ ഇരട്ടിരൂപ മണിക്കും,പകുതിരൂപ ഷാജിക്കും കിട്ടുന്ന വിധമാണ് പണം വീതിച്ചത്. എങ്കിൽ മണിക്ക് എത്ര രൂപ കിട്ടിയിട്ടുണ്ടാവും?

(A. 80 B. 100 C. 160 D. 180)

33. ഒരു കുപ്പിയിൽ നിറയെ വെള്ളമുള്ളപ്പോൾ അതിന്റെ തൂക്കം 175 ഗ്രാം ആയിരുന്നു. അതിൽ നിന്ന് 1/4 ഭാഗം വെള്ളം ഒഴിച്ചുകളഞ്ഞപ്പോൾ തൂക്കം 155 ഗ്രാം ആയി. എന്നാൽ കുപ്പിയുടെ തൂക്കം എത്ര?

(A. 95 ഗ്രാം B. 115 ഗ്രാം C. 20 ഗ്രാം D. 135 ഗ്രാം)



34. 30 ദിവസങ്ങളുള്ള ഒരു മാസത്തിൽ 5 ഞായറാഴ്ചകൾ വരുന്നുവെങ്കിൽ ഒന്നാം തിയ്യതി ഏത് ദിവസമാകാനാണ് സാധ്യത?

(A. വെള്ളി B. ശനി C. തിങ്കൾ D. ചൊവ്വ)



35. താഴെ കൊടുത്തവയിൽ അടുത്തടുത്തുള്ള 2 സംഖ്യകളുടെ **തുകയല്ലാത്തത്** ഏത്?

(A. 167 B. 328 C. 435 D.123)

36. താഴെ കൊടുത്തിരിക്കുന്നതിൽ ഏത് പേപ്പർ സ്ട്രിപ്പ് മടക്കിയാലാണ് താഴെ കാണുന്ന രീതിയിലുള്ള ഒരു രൂപം ലഭിക്കുക

*എ*



*ബി*



*സി*



*ഡി*



## 3. പരിസരപഠനം (മൾട്ടിപ്പിൾ ചോയ്സ്)

1. | A. കൽക്കത്ത | B. ചെന്നൈ | C. വിശാഖപട്ടണം | D. മംഗലാപുരം |

ഇന്ത്യയിലെ പ്രശസ്തമായ ചില തുറമുഖങ്ങളാണ് മുകളിൽ. ഇതിൽ കൊൽക്കത്തയിൽനിന്ന് കൊച്ചിയിലേക്ക് കപ്പൽയാത്രചെയ്യുമ്പോൾ കടന്നുപോവാത്ത തുറമുഖംഏതാണ്?

2.




മുകളിൽ കൊടുത്തിരിക്കുന്ന, ആശയ ഭൂപടത്തിൽ ഇന്ത്യയുടെ ദേശീയമുദ്രയല്ലാത്തത് ഏത്?

3. | A. കുന്നിടിക്കൽ, B. മണൽവാരൽ, C. ഉരുൾപൊട്ടൽ, D. വയൽനികത്തൽ |

പ്രകൃതിയെ ദോഷകരമായി ബാധിക്കുന്ന ചില കാര്യങ്ങളാണ് പട്ടികയിൽ. ഈ കൂട്ടത്തിൽ ചേരാത്തത് ഏതാണ്?

4. മദ്ധ്യപ്രദേശിന്റെ അയൽസംസ്ഥാനങ്ങളാണ് മുകളിൽ ചിത്രീകരിച്ചിരിക്കുന്നത് ഒഴിഞ്ഞ കള്ളിയിലെ സംസ്ഥാനത്തിന്റെ പേര് ഏതായിരിക്കും?




A. ഒറീസ്സ, B. ഛത്തീസ്ഘട്ട്
C. ജാർഖണ്ഡ് D. ബീഹാർ

5. തിരൂർ, പോത്തനൂർ, കോയമ്പത്തൂർ, ...............................

ചില റെയിൽവേസ്റ്റേഷനുകളാണിവ. ഈ സ്റ്റേഷനുകൾക്ക് താഴെ പറയുന്ന ഏത് ചരിത്രസംഭവുമായാണ് ബന്ധമുള്ളത്?

A. ക്വിറ്റ് ഇന്ത്യാസമരം B. വാഗൺട്രാജഡി,

C. ജാലിയൻവാലാബാഗ് D. ഉപ്പുസത്യാഗ്രഹം.



നക്ഷത്രകൂട്ടത്തിന്റെ വിന്യാസമാണ് മുകളിൽ. ഇത് ഏത് നക്ഷത്രകൂട്ടത്തിന്റേതാണ്?

(A.ഓറിയോൺ B.സപ്തർഷികൾ C.സ്കോർപ്പിയസ് D.കാസിയോപ്പിയ)

7. A. പടയണി B. ഓണം C. തെയ്യം D. ആറൻമുള വള്ളംകളി

മുകളിൽ കൊടുത്തിരിക്കുന്നതിൽ കൂട്ടത്തിൽ ചേരാത്തത് ഏത്?

8. താഴെ കൊടുത്തതിൽ 2011 വർഷവുമായി ബന്ധപ്പെടാത്ത പരിപാടി ഏതാണ്?

A. എന്റെ മരം B. വനവർഷം C. വവ്വാൽ വർഷം D. രസതന്ത്രവർഷം

9. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളുടെ മാതൃഭാഷ സൂചിപ്പിക്കുന്ന ആശയഭൂപടമാണ് താഴെ; വിട്ടഭാഗം ഏതാണ്?

A. ഹിന്ദി B. മറാഠി C. കൊങ്കിണി D. തെലുങ്ക്



10.

> 1942 ആഗസ്റ്റ് മൂന്നിന് ബോംബെയിൽ ചേർന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ യോഗമാണ് ഈ സമര പ്രമേയം പാസാക്കിയത്. സമരാഹ്വാന ത്തോടൊപ്പം ഗാന്ധിജിയുടെ 'പ്രവർത്തി ക്കുക, അല്ലെങ്കിൽ മരിക്കുക' എന്ന ആഹ്വാനം ജനങ്ങളിൽ ആവേശം സൃഷ്ടിച്ചു. സമരത്തിന്റെ ഭാഗമായി ആഗസ്റ്റ് ഒൻപതിന് ഗാന്ധിജി അടക്ക മുള്ള നേതാക്കൻമാരെ അറസ്റ്റുചെയ്തു. ഗാന്ധിജിയുടെ ഭാര്യ കസ്തൂർബ ഈ സമരത്തിനിടയിലാണ് അന്തരിച്ചത്.

ഇന്ത്യൻ സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട ഒരു സുപ്രധാന സംഭ വത്തിന്റെ ചില വിശദാംശങ്ങളാണ് മുകളിൽ നൽകിയിരിക്കുന്നത്. നൽകിയ വിവരങ്ങൾ ഏത് സംഭ വവുമായി ബന്ധപ്പെട്ടതാണ്?

A. ഉപ്പുസത്യാഗ്രഹം

B. ക്വിറ്റ് ഇന്ത്യ

C. ജാലിയൻവാലാബാഗ്

D. സ്വാതന്ത്ര്യദിനം

11. ചില ആഹാരശൃംഖലയുടെ ചിത്രീകരണമാണ് താഴെ. ഇവയിൽ ശരിയല്ലാത്ത ആഹാ രബന്ധം ഏതാണ്?




A. B. C. D.

12. കുപ്പിയിൽ ഘടിപ്പിച്ചിരിക്കുന്ന ബലൂൺ വീർക്കാൻ താഴെപറയുന്നവയിൽ ഏതാണ് അനുയോജ്യം?




A. കുപ്പിയിൽ ഐസ് കട്ടയിടുക

B. കുപ്പി വെയിലത്ത് വെക്കുക

C. കുപ്പി വെള്ളത്തിൽ താഴ്ത്തുക

D. കുപ്പി തണലത്ത് വെക്കുക.

13.
- ✓ ഒരു മലയോരജില്ലയാണ്.
- ✓ സുഗന്ധവിളകൾക്ക് പേരുകേട്ട ജില്ലയാണ്
- ✓ ജില്ലയുടെ ആസ്ഥാനം ജില്ലയുടെ പേരിലല്ല അറിയപ്പെടുന്നത്

മുകളിൽ കൊടുത്തിരിക്കുന്ന പ്രസ്താവനകൾ ഏത് ജില്ലയുമായി ബന്ധപ്പെട്ടതാണ്.

A ഇടുക്കി B. എറണാകുളം C. കൊല്ലം D. ആലപ്പുഴ

14.




കേരളത്തിലെ ചില ജില്ലകളാണ് പട്ടികയിലുള്ളത്. ഈ ജില്ലകൾ അയൽ ജില്ലയായി വരുന്ന ജില്ലയുടെ പേര് പട്ടികയുടെ മധ്യഭാഗത്ത് ചേർക്കുക.

A. കോട്ടയം B. പാലക്കാട് C. കൊല്ലം D. കോഴിക്കോട്

15. ഒരു ട്രാഫിക് സിഗ്നലാണ് ചിത്രത്തിൽ കൊടുത്തിരിക്കുന്നത്.താഴെ പറയുന്നവയിൽ ഏത് സൂചനയാണ് ഇത് നൽകുന്നത്?



A. പ്രവേശനമില്ല- യാത്രാനിരോധിത മേഖല
B. പാർക്കിംഗ് നിരോധിച്ചിരിക്കുന്നു.
C. രണ്ട് പ്രധാന റോഡുകൾ ക്രോസ് ചെയ്യുന്നു
D. കാൽനടയാത്രക്കാർക്ക് പ്രവേശനമില്ല.

16.

ഇന്ത്യ കണ്ട ഏറ്റവും വലിയ വ്യാവസായികദുരന്തം. ഫാക്ടറിയുടെ വാതകസംഭരണിയിലെ ചോർച്ചയിലൂടെ പടർന്ന വിഷവാതകം ശ്വസിച്ച് 20,000ത്തിൽ പരം ആളുകൾ മരിച്ചു. ചിലർ ഇപ്പോഴും രോഗികളായി തുടരുന്നു.

ഈ ദുരന്തം താഴെ പറയുന്നവയിൽ ഏതുമായി ബന്ധപ്പെട്ടതാണ്?

A. 1994 ഡിസംബർ 3 -മധ്യപ്രദേശ്-മിഥൈൽ ഐസോസൈനേറ്റ്
B. 1994 ഡിസംബർ 5 -ഭോപ്പാൽ- യൂണിയൻ കാർബൈഡ്
C. 1994 ഡിസംബർ 5-മധ്യപ്രദേശ്- മിഥൈൽ ഐസോസൈനേറ്റ്
D. 1994 ഡിസംബർ 3-ഭോപ്പാൽ-മിഥൈൽ ആൽക്കഹോൾ

17.

- ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിന് നേതൃത്വം നൽകി.
- നവംബർ 14ന് ജനിച്ചു.
- അലഹബാദ് നഗരവുമായി ബന്ധപ്പെട്ട ജീവിതം
- പൂക്കളെപ്പോലെ കുട്ടികളെയും ഇഷ്ട പ്പെട്ടു.
- ഇന്ത്യയുടെ ഭരണതലത്തിൽ പ്രമുഖ വ്യക്തി

പ്രസിദ്ധനായ ഒരു ഇന്ത്യക്കാരനെക്കുറിച്ചുള്ള ചില സൂചനകളാണ് നൽകിയിരിക്കുന്നത്. ഇത് ഏത് വ്യക്തിയെക്കുറിച്ചാണ്?

A. മോത്തിലാൽ നെഹ്റു

B. ഇന്ദിരാഗാന്ധി

C.. രാജീവ്ഗാന്ധി

D.. ജവഹർലാൽനെഹ്റു

18. താഴെ കൊടുത്തിരിക്കുന്ന ഫ്ളോ ചാർട്ടിൽ കുടുംബശ്രീ പദ്ധതിയുമായി യോജിക്കാത്ത പ്രസ്താവന ഏതാണ്?

കുടുംബശ്രീ പദ്ധതി

↓

A. ദാരിദ്ര്യനിർമാർജ്ജനം ലക്ഷ്യമിട്ട് 1998ൽ ഇന്ത്യാഗവൺമെന്റ് ആവിഷ്ക്കരിച്ച് നടപ്പാക്കി.

↓

B. സ്ത്രീ ശാക്തീകരണം,ദാരിദ്ര്യനിർമാർജ്ജനം,വികസനത്തിൽ സ്ത്രീപങ്കാളിത്തം എന്നിവ ലക്ഷ്യമിടുന്നു.

↓

C. കാർഷികം,ചെറുകിട വ്യവസായം,ബാങ്കിങ്ങ് മേഖലകളിലാണ് ഈ സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നത്.

↓

D. സംസ്ഥാനമിഷന് കീഴിൽ ജില്ല-പഞ്ചായത്ത് മിഷനുകൾ നിയന്ത്രിക്കുന്നു.

19.

ഇല, ചകിരി, പുല്ല്, കടലാസ്

ലെൻസിലൂടെ പ്രകാശം കേന്ദ്രീകരിച്ച് ഇവ ഓരോന്നും കത്തിക്കാനാവും. ഇവ കത്താനെടുക്കുന്ന സമയം ഒരേ പോലെയാണോ? പരീക്ഷണത്തിലൂടെ ഇത് കണ്ടെത്തണമെന്ന് കരുതുക.

താഴെ പറയുന്നവയിൽ ഈ പരീക്ഷണത്തെ സ്വാധീനിക്കാത്ത ഘടകം ഏതാണ്?

A. പരീക്ഷണ വസ്തുക്കളുടെ ജലാംശം ഒരേ പോലെയാകണം

B. ഒരേ സമയത്തെ വെയിൽ/പ്രകാശത്തിൽവേണം പരീക്ഷണം ചെയ്യാൻ

C. കോൺവെക്സ് ലെൻസ്(ഉത്തലലെൻസ്) വേണം പരീക്ഷണത്തിനുപയോഗിക്കാൻ.

D. ഓരോ പരീക്ഷണത്തിനും ഒരു നിശ്ചിതസമയമാണ് പ്രകാശം പതിപ്പിക്കേണ്ടത്.

20. താഴെ കൊടുക്കുന്ന സസ്യങ്ങളുടെ കൂട്ടങ്ങളിൽനിന്ന് ഇല, പൂവ്, കായ്, തണ്ട്, വേര് എന്നീ ഭാഗങ്ങളെല്ലാമുള്ള സസ്യങ്ങളുടെ കൂട്ടം തെരഞ്ഞെടുക്കുക.

A. കശുമാവ്, കമുക്, മത്തൻ, തേക്ക്

B. മഞ്ഞൾ, കുമ്പളം, സൂര്യകാന്തി, വാഴ

C. ഇഞ്ചി, തേക്ക്, പുളി, കുമ്പളം

D. ചീര, പന, ചേന, കുരുമുളക്

21. ചില നെൽവിത്തുകളുടെ പേരുകളാണ് താഴെ കൊടുക്കുന്നത്. കൂട്ടത്തിൽപ്പെടാത്തത് ഏത്?

A. തവളക്കണ്ണൻ

B. മുണ്ടകൻ

C. ത്രിവേണി

D. ജീരകശാല

22. അനുവിന്റെ വീട്ടിലെ കിണർ വൃത്തിയായി സൂക്ഷിക്കുന്നതിന് സ്വീകരിച്ചമാർഗ്ഗങ്ങളാണ് ചുവടെ ചേർക്കുന്നത്. ഇവയിൽ അനുയോജ്യമല്ലാത്ത പ്രസ്താവനയേത്?

A. കിണർ ചപ്പുചവർ വീഴാതെ വലയിട്ടു സൂക്ഷിച്ചിട്ടുണ്ട്.

B. കിണറിനടുത്ത് നിന്ന് കിണറിലെ വെള്ളം മുക്കിക്കുളിക്കാറുണ്ട്.

C. കിണറിൽനിന്ന് വെള്ളം കോരാൻ ഉപയോഗിക്കുന്ന ബക്കറ്റും കയറും നിലത്തുവീണ് മലിനമാകാതെ ശ്രദ്ധിക്കാറുണ്ട്.

D. കിണർജലം ശുദ്ധീകരിക്കുന്നതിന് ഇടക്കിടെ ബ്ലീച്ചിംഗ് പൗഡർ ഉപയോഗിക്കാറുണ്ട്.

23. തന്നിരിക്കുന്ന കലണ്ടർ നോക്കൂ. അമാവാസി അടയാളപ്പെടുത്തിയിട്ടുണ്ട്. അടുത്ത പൗർണമി എന്നായിരിക്കും?

**ജനുവരി**

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | | | | | | 1 |
| അമാവാസി 2 ● | 3 | 4 | 5 | 6 | 7 | 8 |
| 9 | 10 | 11 | 12 | 13 | 14 | 15 |
| 16 | 17 | 18 | 19 | 20 | 21 | 22 |
| 23 | 24 | 25 | 26 | 27 | 28 | 29 |
| 30 | 31 | | | | | |

A. ജനുവരി 17

B. ജനുവരി 5

C. ജനുവരി 28

D. ജനുവരി 31

24. ചിത്രീകരണം നോക്കി വിട്ടഭാഗത്തിന് അനുയോജ്യമായവ കണ്ടെത്തൂ.




A. ഗ്ലേസിയർ

B. ഇഗ്ലു

C. എക്സിമ

D. സ്നോലൈൻ

25. A. തൊഴിൽ രഹിതർക്ക് തൊഴിലുറപ്പു വരുത്തുന്നതിന് കേന്ദ്രസർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതി

B. ഒരു വർഷം ഓരോ കുടുംബത്തിനും കുറഞ്ഞത് 100 തൊഴിൽദിനങ്ങൾ ഉറപ്പുവരുത്തുന്നു.

C. ദിവസം എട്ടു മണിക്കൂർ ജോലിയാണ് ഈ പദ്ധതി പ്രകാരം ചെയ്യേണ്ടത്.

D. കുടുംബത്തിലെ സ്ത്രീകൾക്കാണ് ഈ പദ്ധതിപ്രകാരം തൊഴിൽ ലഭിക്കുക.

മുകളിൽ കൊടുത്തിരിക്കുന്ന പ്രസ്താവനകളിൽ ദേശീയ തൊഴിലുറപ്പു പദ്ധതിയുമായി ബന്ധമില്ലാത്തത് ഏതാണ്?

# ഗണിതം

1. സുജിതയുടെ സ്കൂളിൽനിന്ന് 30 കുട്ടികൾ അദ്ധ്യയന യാത്രക്ക് പോയി. ബസ് ഒരു കി.മീ. ഓടുന്നതിന് **22** രൂപയാണ് ചാർജ്ജ്. ആദ്യത്തെ ദിവസം **97** കി.മീറ്ററും രണ്ടാമത്തെ ദിവ സം **103** കി.മീറ്ററും ബസ് ഓടി. ഭക്ഷണത്തിന് ഒരു കുട്ടിക്ക് ഒരു ദിവസത്തേക്ക് **60** രൂപയും താമസത്തിന് ആകെ **1000** രൂപയും ഒരു കുട്ടിക്ക് ടിക്കറ്റിന് രണ്ട് ദിവസവും കൂടി **30** രൂപ യും ചെലവായി. ആകെ എത്ര രൂപ ചെലവായി..? ഒരു കുട്ടി എത്ര രൂപ കൊടുക്കണം?

2. രാമൻനായർ ഒരു റോഡ്നിർമ്മിക്കുന്നതിന് ജെ. സി. ബി. കൊണ്ടുവന്നു. ഒരു മണിക്കൂറിന് 900 രൂപയാണ് ചാർജ്ജ്. രാവിലെ 8 മുതൽ 11 വരെയും 10.20 മുതൽ 11.50 വരെയും 12.10 മുതൽ 1.10 വരെയും 2.10 മുതൽ 3.10 വരെയും ജെ. സി. ബി. പ്രവർത്തിച്ചു. 7200 രൂപയാണ് ഈ പ്രവൃത്തിക്കായി നീക്കിവെച്ചത്. ഇനി എത്ര സമയം കൂടി ജെ..സി.ബി. പ്രവർത്തി ക്കാൻ ഈ തുക മതിയാകും?

3. അടുത്തടുത്തുള്ള രണ്ട് എൽ.പി. സ്കൂളുകളിലേക്ക് ഒരുമിച്ചാണ് സൗജന്യവിതരണത്തിനു ള്ള അരി കൊണ്ടു വന്നത്. ആദ്യത്തെ സ്കൂളിലെ 80 കുട്ടികൾക്ക് ആവശ്യമായ 400 കി. ഗ്രാം. അരി എടുത്തശേഷം ബാക്കിയുള്ള 600 കി.ഗ്രാം അരി രണ്ടാമത്തെ സ്കൂളിലേക്ക് കൊണ്ടു പോയി. രണ്ടാമത്തെ സ്കൂളിൽ എത്ര കുട്ടികൾ ഉണ്ട്?

4. സുജിത്ത് 30 രൂപ വീതം വിലയുള്ള 15 പുസ്തകങ്ങളും 15 രൂപ വീതം വിലയുള്ള 15 പേന യും വാങ്ങി. അവന്റെ കൈയിൽ 1000 രൂപയുണ്ട്. 25 രൂപ വീതം വില യുള്ള ഏതാനും ബോക്സ് കൂടി വാങ്ങണം. എത്രയെണ്ണം വാങ്ങാൻ ഈ പണം തികയും?

5. ഒരു പാർക്കിൽ പ്രവേശനത്തിന് കുട്ടികൾക്ക് 15 രൂപയും മുതിർന്നവർക്ക് 30 രൂപയുമാണ് ചാർജ്ജ്. ഒരു ദിവസം പാർക്കിൽ 420 കുട്ടികൾ സന്ദർശിച്ചു. അന്ന് ആകെ പിരിഞ്ഞു കിട്ടിയത് 8100 രൂപയാണ്.അന്ന് എത്ര മുതിർന്നവർ പാർക്ക് സന്ദർശിച്ചു? 8100 രൂപ പിരിഞ്ഞു കിട്ടണമെങ്കിൽ  എത്ര കുട്ടികൾ പാർക്ക് സന്ദർശിക്കണം?

6. ഒരു സ്കൂളിൽ നിന്ന് 8 അധ്യാപകരും കുറെ കുട്ടികളും പഠനയാത്രക്ക് പോയി. ഒരു കുട്ടി 70 രൂപ കൊടുത്തു. ഒരു കുട്ടിക്ക് 60 രൂപയും ഒരു അധ്യാപകന് 100 രൂപയും വീതം പഞ്ചായത്ത് നൽകി. കുട്ടികളിൽ നിന്നും കിട്ടിയത് 2800 രൂപയാണ്. ആകെ ചെലവായത് 6800 രൂ പ. കുറവു വന്ന സംഖ്യ അധ്യാപകർ തുല്യമായി വീതിച്ചു നല്കി. ഒരു അധ്യാപകൻ എത്ര
രൂപ നല്കി?

7. സുമേഷ് 12 രൂപ വീതം വിലയുള്ള 16, 200 പേജ് നോട്ടുബുക്കുകളും അതിന്റെ പകുതി വീതം വിലയുള്ള 18, 100 പേജ് നോട്ടുബുക്കുകളും 200 പേജ് നോട്ടുബുക്കിന്റെ അതേവിലയുള്ള 20 പേനയും 7 രൂപ വീതം വിലയുള്ള 14 സ്കെയിലും വാങ്ങി. ഓരോന്നും 2 രൂപ വീതം ലാഭത്തിന് വിറ്റു.

വാങ്ങാൻ എത്ര രൂപയായി?എത്ര രൂപ ലാഭം കിട്ടി?എത്ര രൂപയ്ക്ക് വിറ്റു?

8. ഒരു സ്കൂളിലെ 8 അധ്യാപകരും കുറെ കുട്ടികളും അധ്യയനയാത്രക്ക് പോയി. ഒരു കുട്ടി 70 രൂപ കൊടുത്തു. ഒരു കുട്ടിക്ക് 60 രൂപയും ഒരധ്യാപകന് 100 രൂപയും വീതം പഞ്ചായത്ത് നല്കി. കുട്ടികളിൽനിന്നും കിട്ടിയത് 2800 രൂപയാണ്. ആകെ ചെലവായത് 6800 രൂപ.കുറവു വന്ന സംഖ്യ 8 അദ്യാപകരും കൂടി തുല്യമായി വീതിച്ചു നല്കി. ഒരു അധ്യാപകൻ എത്ര രൂപ നല്കണം?

9. സ്കൂളിൽ സൗജന്യനേത്രപരിശോധനാകേമ്പിനുള്ള പിരിവ് കഴിഞ്ഞ 3 ആഴ്ച യായായി നടന്നുവരികയാണ്.ഓരോ ആഴ്ചയിലും ചെലവായ ടോക്കണുക ളുടെ എണ്ണം നോക്കൂ.

| ടോക്കൺ സംഖ്യ | | ഒന്നാം ആഴ്ച | രണ്ടാം ആഴ്ച | മൂന്നാം ആഴ്ച |
|---|---|---|---|---|
| 50 | 42 | 25 | 17 | |
| 25 | 18 | 37 | 53 | |
| 10 | 70 | 82 | 116 | |

ഇതിൽ 740 രൂപ പിരിഞ്ഞു കിട്ടിയില്ല.പരിപാടിക്ക് ആകെ 9608 രൂപ ചെലവായി.മതിയാകാതെ വന്ന സംഖ്യ 12 പി.ടി.എ അംഗങ്ങൾ തുല്യമായി വീതിച്ചു നല്കി. ഒരംഗം എത്ര രൂപ നലേ്കണം?

# ഉത്തരസൂചിക

**മലയാളം**

1. C, 2. B, 3. D, 4. D, 5. B, 6. A, 7. B, 8. C, 9. B, 10. D, 11. C, 12. B

**ഗണിതം**

1. B, 2. C, 3. C, 4. C, 5. A, 6. D, 7. A, 8. B, 9. A, 10. D, 11. A, 12. D, 13. B, 14. D, 15. C, 16. C, 17. B, 18. C, 19.B, 20. A, 21. B, 22. B, 23. C, 24. C, 25. D, 26. D, 27. A, 28. B, 29. C, 30. C, 31. D, 32. C, 33. A, 34. B, 35. B, 36. D

**പരിസരപഠനം**

1. D, 2. C, 3. C, 4. B, 5. B, 6. B, 7. B, 8. B, 9. B, 10. B, 11. D, 12. B, 13. A, 14. A, 15. C, 16. B, 17. D, 18. A, 19. D, 20. A, 21. C, 22. B, 23. A, 24. B, 25. D